**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 633** **30-01-2024 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ മിച്ചഭൂമി ഉപയോഗപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടേതായ മിച്ചഭൂമി ഉപയോഗപ്പെടുത്താൻ വ്യവസായ വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | ഉണ്ട്.<br><br>വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്കാവശ്യമായി വരുന്ന ഭൂമി കണ്ടെത്തുന്നതിന് വേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശ ഭൂമിയുടെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള സംവിധാനങ്ങൾക്ക് വേണ്ടി ഉപയോഗിച്ചുവരുന്ന ഭൂമിയും അവയുടെ വികസനവുമായി ബന്ധപ്പെട്ട് ഭാവിയിൽ ആവശ്യമായി വരാവുന്ന ഭൂമിയും കഴിച്ച് ബാക്കിയുള്ള കൈവശ ഭൂമിയുടെ ലഭ്യതയും വിലയിരുത്തിയിട്ടുണ്ട്. ടി സ്ഥിതി വിവര കണക്കിന്റെ അടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾ, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്നിവയുടെ അനുയോജ്യത കിൻഫ്രയുടെ നേതൃത്വത്തിൽ പരിശോധിച്ച് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 9 പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നായി 40.41 ഏക്കർ ഭൂമി ഒന്നാം ഘട്ടത്തിൽ അടിയന്തരമായി ഉപയോഗിക്കാൻ സാധിക്കുന്നതാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്.<br><br>വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്കാവശ്യമായ വിവിധ സാങ്കേതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന “ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ" സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 96 സെൻറ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി 28.15 കോടി രൂപയുടെ പദ്ധതി കിഫ്ബിയുടെ ബോർഡ് തത്വത്തിൽ അംഗീകരിക്കുകയും G.O.(Rt).No.84/2023/ID dated 29-01-2023 പ്രകാരം ഭരണാനുമതി നൽകിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| | | | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ കണ്ടെത്തിയിരിക്കുന്ന 96 സെൻറ് സ്ഥലത്ത് ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനായി നൽകിയ പദ്ധതി പ്രകാരം 86080 ചതുരശ്ര അടിയുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) നിർമ്മിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.<br><br>ഇതോടൊപ്പം തന്നെ അധികഭൂമിയിൽ കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് ഫ്യൂവൽ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഇതിനകം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയിൽ മൂന്നു പെട്രോൾ പമ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. അധിക ഭൂമിയിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപറേഷന് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ച് വരികയാണ്. ഇത്തരത്തിൽ അധിക ഭൂമി ഉപയോഗിച്ച് സ്ഥാപനങ്ങളുടെ വരുമാനം വർധിപ്പിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ